# "സലഫി മൻഹജ് - ചരിത്രത്തിലൂടെ"

## ബോധനം ലേഖനത്തിന് മറുപടി

അബൂ ഹംന റാഷിദ് ഖലീലുർറഹ്മാൻ

ബോധനം ദ്വൈമാസിക (മാർച്ച്-ഏപ്രിൽ 2009) എഴുതിയത് കാണുക:

ദൈവശാസ്ത്ര (علم الكلام) ത്തോട് അദ്ദേഹം സ്വീകരിച്ച നയം വിശകലനം ചെയ്യുന്നത് ഇവിടെ പ്രസക്തമാണെന്നു തോന്നുന്നു. തന്റെ ആദ്യ കാലത്ത് ദൈവശാസ്ത്ര ചർച്ച സലഫുകൾക്കന്യമാണെന്നും, അതിൽ പങ്കെടുക്കുന്നത് ബിദ്അത്താണെന്നും ഇമാം അഹ്മദ്(റ) ഫത്വ നൽകുകയുണ്ടായി. തത്ത്വശാസ്ത്ര തർക്കങ്ങളിൽ പങ്കെടുക്കുന്നതിനെ നിരുത്സാഹപ്പെടുത്തിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ ധാരാളം ഉദ്ധരണികൾ കാണാവുന്നതാണ്. മുഹമ്മദ് അബുസഹ്റഃ ഇതു സംബന്ധിച്ച് രേഖപ്പെടുത്തുന്നു:

ويروي أنه قال: من زعم أن القرآن مخلوق فهو جهمي ومن زعم أنه غير مخلوق فهو مبتدع

'ഖുർആൻ സൃഷ്ടിയാണെന്ന് ആരെങ്കിലും വാദിക്കുകയാണെങ്കിൽ അവൻ ജഹ്മിയാണ്. ഇനി ആരെങ്കിലും അത് സൃഷ്ടിയല്ലെന്ന് പറയുകയാണെങ്കിൽ അവൻ മുബ്തദിഅ് ആണ്'.

മറ്റൊരിക്കൽ അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്:

عن عبد القدوس بن مالك العطار: سمعت أحمد بن حنبل يقول: أصول السنّة عندنا، التمسّك بما كان عليه الصحابة، وترك البدع وترك الخصومات، والجلوس مع أصحاب الأهواء وترك المراء والجدل، وليس في السنّة قياس ولا يضرب لها الأمثال، ولا تدرك بالعقول (ابن حنبل ص: ٨٦/٨٧).

'അബ്ദുൽ ഖുദ്ദൂസ് ബ്നു മാലികിൽ അത്വാർ പറയുന്നു: ഇമാം അഹ്മദ് ബ്നു ഹമ്പൽ പറയുന്നത് നാം കേട്ടു: 'സ്വഹാബികൾ എന്തിലായിരുന്നുവോ അതിനെ മുറുകെ പിടിക്കലും ബിദ്അത്തുകൾ ഒഴിവാക്കലും വിവാദങ്ങൾ കൈവെടിയലും തന്നിഷ്ടക്കാരോട് സഹവസിക്കാതിരിക്കലും തർക്കവിതർക്കങ്ങൾ ഉപേക്ഷിക്കലുമാണ് നമ്മുടെ പക്കൽ സുന്നത്തിന്റെ അടിസ്ഥാനം. സുന്നത്തിൽ അനുമാനങ്ങളില്ല, ഉപമകളുമില്ല. ബുദ്ധികൊണ്ടത് മനസ്സിലാക്കാനും കഴിയില്ല'.

ഇമാം അഹ്മദിനെ( رَحِمَهُ ٱللَّٰهُ ) കുറിച്ചും ഇൽമുൽ കലാമിനെ കുറിച്ചും ഒന്നും അറിയാത്ത ഒരാളെ സംബന്ധിച്ചിടത്തോളം ഈ (ബോധനം) എഴുതിയത് മുഴുവൻ സത്യമാണെന്ന് അവൻ ധരിക്കും.

**എന്താണ് ഇൽമുൽ കലാം?**

ശറഇയ്യായ അറിവ് നേടാൻ സംവാദങ്ങളെയും തർക്കങ്ങളെയും ആശ്രയിക്കുന്നതാണ് ഇൽമുൽ കലാമിൻെറ രീതിശാസ്ത്രം. അതിൽ മുഴുകിയവർക്ക് *മുതകല്ലിമുകൾ* എന്ന് പറയും.

അല്ലാഹുവിൻെറ സ്വിഫത്തുകളും (വിശേഷണങ്ങൾ) അഫ്ആലുകളുമായി (പ്രവർത്തനങ്ങൾ) ബന്ധപ്പെട്ട വിഷയങ്ങളിലാണ് ഇവരുടെ പല സംവാദങ്ങളും. അതു കൊണ്ടു തന്നെ, ഈ സംവാദങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്ന ആശയങ്ങളാണ് അല്ലാഹുവിൻെറ സ്വിഫത്തുകളെയും അഫ്ആലുകളെയും മനസ്സിലാക്കുന്നതിന് ഇവർ മാനദണ്ഡമാക്കുന്നത്.

എന്നാൽ, അഹ്ലുസ്സുന്നത്തിൻെറ പണ്ഡിതൻമാരാകട്ടെ, അല്ലാഹുവിൻെറ സ്വിഫത്തുകളെയും അഫ്ആലുകളെയും മനസ്സിലാക്കുന്നത് ക്വുർആനിലെയും ഹദീഥിലെയും തെളിവുകളുപയോഗിച്ചു കൊണ്ടാണ്.

അഹ്ലുസ്സുന്നത്തിൻെറ ഇമാമുകളിൽപ്പെട്ട (ഇമാം അബൂ ഹനീഫ( رَحِمَهُ ٱللَّٰهُ ), ഇമാം മാലിക്( رَحِمَهُ ٱللَّٰهُ ), ഇമാം ശാഫിഈ( رَحِمَهُ ٱللَّٰهُ ) പോലെയുള്ള) മറ്റേതൊരു ഇമാമിനെയും പോലെ ഇമാം അഹ്മദും( رَحِمَهُ ٱللَّٰهُ ) മുതകല്ലിമുകളെ വിമർശിക്കുകയും ഇൽമുൽ കലാമിൽ മുഴുകുന്നതിനെ തൊട്ട് ജനങ്ങൾക്ക് താക്കീത് നൽകുകയും ചെയ്തിരുന്നു. മുകളിലെ ഉദ്ധരണിയിലുള്ള നീല മഷി കൊണ്ട് അടിവരയിട്ട ഭാഗം അതാണ് സൂചിപ്പിക്കുന്നത്.

**1. ഇൽമുൽ കലാമി[1]നോടുള്ള അഹ്ലുസ്സുന്നത്തിൻെറ നിലപാട്**

ഇനി ചുവപ്പ് അടിവരയിട്ട ഭാഗം ശ്രദ്ധിക്കുക:

[1] ഇൽമുൽ കലാമിന് അങ്ങനെ പേര് വരാൻ മൂന്ന് കാരണങ്ങളാണുള്ളത്:(1)അതിലുള്ളത് ഭൂരിഭാഗവും വ്യർത്ഥമായ സംസാരങ്ങളാണ്. അഥവാ, ക്വുർആനിൽ നിന്നും സുന്നത്തിൽ നിന്നുമുള്ള ഒന്നും തന്നെ അതിലില്ല. (2) അതിൽപ്പെട്ടവർ പ്രവാചകൻ(സ) നിഷിദ്ധമാക്കിയ കാര്യങ്ങളിലാണ് മുഴുകിയത്. ഉദാഹരണത്തിന്, ക്വദറിനെ കുറിച്ച് തർക്കിക്കുന്നത് പോലെയുള്ള കാര്യങ്ങൾ. (3) സ്വഹാബികൾ മൗനം പാലിച്ച വിഷയങ്ങൾ അവർ ചർച്ചക്ക് വിധേയമാക്കി.

ഇതിനെപ്പറ്റി കൂടുതൽ അറിയാൻ വലീദ് ഇബ്നു സ്വാലിഹ് ഇബ്നു അബ്ദിൽ ക്വാദറിൻെറ **اثرعلم الكلام على المنتسبين وموقف اهل السنة والجماعة وكبار المتكلمين منه** എന്ന ഗ്രന്ഥം കാണുക.

> ക്തമാണെന്നു തോന്നുന്നു. തന്റെ ആദ്യ കാലത്ത് ദൈവ
> ശാസ്ത്ര ചർച്ച സലഫുകൾക്കന്യമാണെന്നും, അതിൽ
> പങ്കെടുക്കുന്നത് ബിദ്അത്താണെന്നും ഇമാം അഹ്മദ്(
> റ) ഫത്വ നൽകുകയുണ്ടായി. തത്ത്വശാസ്ത്ര തർക്കങ്ങ

ഇൽമുൽ കലാമിലുള്ള ചർച്ച സലഫുകൾക്കന്യമാണെന്നും അതിൽ പങ്കെടുക്കുന്നത് ബിദ്അത്താണെന്നുമുള്ള അഭിപ്രായം ഇമാം അഹ്മദ്( رحمه الله ) ആദ്യ കാലത്ത് വെച്ചു പുലർത്തിയിരുന്നുവെന്നും, എന്നാൽ പിന്നീട് അദ്ദേഹം ആ അഭിപ്രായത്തിനെതിരായി ഫത്വ നൽകിയിരുന്നുവെന്നുമാണ് ഇത് വായിച്ചാൽ ഒരാൾക്ക് തോന്നുക.

യഥാർഥത്തിൽ ഇമാം അഹ്മദിന്( رحمه الله ) ഒരിക്കലും ഈ രീതിയിലുള്ള രണ്ടഭിപ്രായങ്ങൾ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ആദ്യത്തെ അഭിപ്രായം തന്നെയായിരുന്നു അവസാനത്തെ അഭിപ്രായവും. അതു കൊണ്ട് തന്നെയാണ് ബോധനത്തിന് അത് പരോക്ഷമായി സമ്മതിക്കേണ്ടി വന്നത്:

> റ) ഫത്വ നൽകുകയുണ്ടായി. തത്ത്വശാസ്ത്ര തർക്കങ്ങ
> ളിൽ പങ്കെടുക്കുന്നതിനെ നിരുത്സാഹപ്പെടുത്തിക്കൊ
> ണ്ടുള്ള അദ്ദേഹത്തിന്റെ ധാരാളം ഉദ്ധരണികൾ കാണാ
> വുന്നതാണ്. മുഹമ്മദ് അബൂസഹ്റഃ ഇതു സംബന്ധിച്ച്

അതായത്, ഇൽമുൽ കലാമിനെ നിരുത്സാഹപ്പെടുത്തിക്കൊണ്ട് ഇമാം അഹ്മദിൽ( رحمه الله ) നിന്നുള്ള ധാരാളം ഉദ്ധരണികളുണ്ടെന്ന് ബോധനത്തിന് എഴുതേണ്ടി വന്നു.

ഇമാം അഹ്മദ്( رحمه الله ) മാത്രമല്ല, അദ്ദേഹത്തിന് മുമ്പ് വന്ന ഇമാമുകൾ മുഴുവൻ ഇൽമുൽ കലാമിനെ നിരുത്സാഹപ്പെടുത്തിയിരുന്നു. കൂടുതൽ വിശദമായ ചർച്ചക്ക് താഴെ കാണുന്ന ലിക് പരിശോധിക്കുക:

http://www.salafivoice.com/classroom/Naalu_Imaamukaludeyum_Aqeedah_Vachanashastram.pdf

## 2. ക്വുർആൻ സൃഷ്ടിവാദം

> വുന്നതാണ്. മുഹമ്മദ് അബൂസഹ്റഃ ഇതു സംബന്ധിച്ച്
> രേഖപ്പെടുത്തുന്നു:
> ويروي أنه قال: من زعم أن القرآن مخلوق فهو جهمي ومن زعم أنه
> غير مخلوق فهو مبتدع
> 'ഖുർആൻ സൃഷ്ടിയാണെന്ന് ആരെങ്കിലും വാദി
> ക്കുകയാണെങ്കിൽ അവൻ ജഹ്മിയാണ്. ഇനി ആരെ
> ങ്കിലും അത് സൃഷ്ടിയല്ലെന്ന് പറയുകയാണെങ്കിൽ
> അവൻ മുബ്തദിഅ് ആണ്'.

മുഹമ്മദ് അബൂസഹ്റയുടെ ഈ ഉദ്ധരണി ബോധനം എടുത്തുദ്ധരിക്കാനുള്ള പ്രചോദനമെന്താണ്? ഇവിടെ അതിന് യാതൊരു പ്രസക്തിയുമില്ല. ഇനി, ജനങ്ങളിൽ വസ്‌വാസുണ്ടാക്കുന്നതിന് വേണ്ടിയാണോ ഇത്?

ഇമാം അഹ്മദിൻെറ( رَحِمَهُ الله ) ഈ വാക്കുകൾ ലേഖകന് മനസ്സിലായിട്ടില്ലെന്ന് തോന്നുന്നു.

മാന്യവായനക്കാരുടെ അറിവിലേക്കായി ഞാൻ പറയട്ടെ: <u>ഇമാം അഹ്മദ് ഇത് പറഞ്ഞു എന്നുള്ളത് സത്യമാണ്</u>. എന്നാൽ, ഏത് സാഹചര്യത്തിലാണ് അദ്ദേഹം അത് പറഞ്ഞത് എന്നു കൂടി പരിശോധിക്കപ്പെടേണ്ടതുണ്ട്. ശൈഖ് അബ്ദുൽ ക്വാദർ അൽ ജുനൈദി[2] ( حَفِظَهُ الله ) പറയുന്നത് കാണുക:

"ക്വുർആൻ സൃഷ്ടി വാദത്തിൻെറ വിഷയത്തിൽ അക്കാലഘട്ടത്തിലുള്ള ജനങ്ങൾ മൂന്ന് തട്ടുകളിലായിരുന്നു:

1. ക്വുർആൻ സൃഷ്ടിയാണെന്ന് വാദിച്ച വിഭാഗം; അവർ മുഅ്തസിലികൾ/ ജഹ്മികൾ ആണ്.

2. ക്വുർആൻ സൃഷ്ടിയല്ലെന്ന് വാദിച്ച വിഭാഗം; ഇമാം അഹ്മദ് അവരെ മുബ്തദിഉകളായി മുദ്ര കുത്തി.

3. ക്വുർആൻ സൃഷ്ടിയല്ല; മറിച്ച്, അത് അല്ലാഹുവിൻെറ കലാം(വചനം) ആണ് എന്ന് വാദിച്ച വിഭാഗം; അവരാണ് അഹ്ലുസ്സുന്നത്ത്.

എന്ത് കൊണ്ട് ഇമാം അഹ്മദ്( رَحِمَهُ الله ) രണ്ടാമത്തെ വിഭാഗത്തെ മുബ്തദിഅ് എന്ന് വിളിച്ചു?

കാരണം, <u>ക്വുർആനിനെ സംബന്ധിച്ചുള്ള അവരുടെ യഥാർത്ഥ വിശ്വാസം അവർ മറച്ചു വെക്കുകയായിരുന്നു</u>. അഥവാ, ക്വുർആൻ അല്ലാഹുവിൻെറ കലാം ആണെന്ന കാര്യം അവർ സ്പഷ്ടമാക്കിയില്ല."

ഇമാം അഹ്മദിൽ( رَحِمَهُ الله ) നിന്നും ഇൽമുൽ കലാമിനെ നിരുത്സാഹപ്പെടുത്തിക്കൊണ്ടുള്ള ധാരാളം ഉദ്ധരണികളുണ്ടെന്ന് നാം മനസ്സിലാക്കിയ സ്ഥിതിക്ക് <u>അതിനെ പ്രോത്സാഹിപ്പിക്കുന്ന യാതൊന്നും തന്നെ ഒരു കാലത്തും അദ്ദേഹത്തിൽ നിന്നും ഉദ്ധരിക്കപ്പെട്ടിട്ടില്ല</u> എന്ന് കൂടി നാം മനസ്സിലാക്കണം.

---

[2] എല്ലാ വെള്ളിയാഴ്ചയും ജുമുഅ നമസ്കാരശേഷം ദമ്മാമിൽ വെച്ച് **الإبانة الصغرى لابن بطة العكبري** എന്ന ഗ്രന്ഥം വിശദീകരിച്ചു കൊണ്ട് അദ്ദേഹത്തിൻെറ ക്ലാസ്സുണ്ട്. അതിൽ പറഞ്ഞതാണ് ഈ കാര്യങ്ങൾ.

## 3. ഇൽമുൽ കലാമിനായി ഇമാം അഹ്മദിൻെറ( رَحِمَهُ الله ) ജീവിതത്തിൽ നിന്നും തെളിവുണ്ടാക്കൽ

ബോധനത്തിന് മുന്നിൽ ഇനി ഒരു വഴി മാത്രമാണ് അവശേഷിക്കുന്നത്. ഇമാം അഹ്മദിൻെറ( رَحِمَهُ الله ) ജീവിതത്തിൽ നിന്നും അതിനുള്ള തെളിവ് മെനഞ്ഞുണ്ടാക്കുക. ഇമാം അഹ്മദിന്( رَحِمَهُ الله ) ഈ വിഷയത്തിൽ രണ്ടഭിപ്രായമുണ്ടായിരുന്നുവെന്ന് സ്ഥാപിക്കാൻ ബോധനം കൊണ്ടു വന്ന തെളിവ് നമുക്ക് പരിശോധിക്കാം.

ബോധനം പറയുന്നത് കാണുക:

> വിശ്വാസം (الإيمان), വൻപാപങ്ങൾ പ്രവർത്തിക്കുവൻ (مرتكب الكبيرة), അടിമകളുടെ പ്രവർത്തനങ്ങൾ (أفعال العباد), അല്ലാഹുവിനെ കാണൽ (رؤية الله) തുടങ്ങിയ വിഷയങ്ങളിൽ ചുറ്റുപാടും ബൗദ്ധിക ചർച്ചകളും, സംവാദങ്ങളും അരങ്ങ് തകർക്കുമ്പോൾ അവയ്ക്ക് മറുപടി പറയാതെ മാറി നിൽക്കാൻ ഒരു കാലഘട്ടത്തിന്റെ നവോത്ഥാന നായകന് എങ്ങിനെ കഴിയും? മാത്രമല്ല, മൗനം വെടിഞ്ഞ് ഏതെങ്കിലും ഒരു വശത്തെ പിന്താങ്ങണമെന്ന് ഖലീഫഃ മുതവക്കിൽ ആവശ്യപ്പെടുക കൂടി ചെയ്തതോടെ അദ്ദേഹം തന്റെ നയം മാറ്റി ഗോദയിലിറങ്ങുകയുണ്ടായി. മുമ്പ് ബിദ്അത്തെന്ന് ഫത്വ നൽകിയ കാര്യം അപ്പോൾ അദ്ദേഹത്തിനു ചെയ്യേണ്ടിവന്നു.
>
> ഇമാം അഹ്മദ് ബ്നു ഹമ്പൽ സ്വീകരിച്ച നയംമാറ്റത്തിന്റെ പേരിൽ മുസ്‌ലിം ലോകത്ത് അദ്ദേഹത്തെ ആരെങ്കിലും വിമർശിച്ചതായി അറിയില്ല. ആധുനിക മുസ്‌ലിം നവോത്ഥാന പ്രസ്ഥാനങ്ങൾ സാഹചര്യങ്ങൾക്കനുസരിച്ച് നയം മാറ്റുമ്പോൾ ഉറഞ്ഞുതുള്ളുന്ന സലഫി പാരമ്പര്യവാദികൾ പ്രഥമമായി പരിശോധിക്കേണ്ടത് സലഫി സമീപനരീതിയുടെ ഇമാമായ അഹ്മദ്ബ്നു ഹമ്പൽ(റ)ന്റെ ചരിത്രമാണ്.

അടിവരയിട്ട ഭാഗം ആദ്യം പരിഗണിക്കാം. അതായത്:

> ങ്ങുകയുണ്ടായി. മുമ്പ് ബിദ്അത്തെന്ന് ഫത്വ നൽകിയ കാര്യം അപ്പോൾ അദ്ദേഹത്തിനു ചെയ്യേണ്ടിവന്നു.

ഇമാം അഹ്മദ്( رَحِمَهُ الله ) ഇൽമുൽ കലാമിന് മറുപടി പറഞ്ഞപ്പോൾ, മുമ്പ് അദ്ദേഹം ബിദ്അത്തെന്ന് ഫത്വ നൽകിയ ഇൽമുൽ കലാമിൻെറ ആളുകളോടൊപ്പം ഇരിക്കുന്നതും അവരുമായി സംവദിക്കുന്നതും പിന്നീട് അദ്ദേഹത്തിന് ചെയ്യേണ്ടി വന്നതായിട്ടാണ് ലേഖകൻ പറയുന്നത്!!

ഒരിക്കലും ഇല്ല. ഇമാം അഹ്മദ്( رَحِمَهُ الله ) ഒരിക്കലും ഇത് ചർച്ച ചെയ്യാനായി അവരെ ക്ഷണിച്ചിട്ടില്ല. മറിച്ച്, സാഹചര്യത്തിൻെറ സമ്മർദ്ദം മൂലം അദ്ദേഹം അവർക്ക് മറുപടി കൊടുക്കാൻ തയ്യാറായതാണ് എന്ന് മാത്രം.

വിശ്വാസകാര്യങ്ങൾ മനസ്സിലാക്കുന്നതിനായി അവരോടൊപ്പമിരുന്ന് ചർച്ച നടത്തുകയും സംവദിക്കുകയും ചെയ്യുന്നതിനെയാണ് അദ്ദേഹം അവരെ വിലക്കിയത്. അതല്ലാതെ, അവരുടെ പൊള്ളത്തരങ്ങൾ തുറന്നു കാട്ടി സത്യം സ്ഥാപിക്കുന്നതിനായി അവരോട് ജിഹാദ് നടത്തുന്നതിനെയല്ല അദ്ദേഹം വിലക്കിയത്.

ഇമാം അഹ്മദിൻെറ( رَحِمَهُ الله ) തന്നെ വാക്കുകൾ കാണുക:

> قال أحمد في رواية حنبل:
>
> قد كنا نأمر بالسكوت فلما دُعينا إلى أمرٍ ، ما كان بدٌ لنا أن ندفع ذلك ونبيِّن من أمره ما ينفي عنه ما قالوه .ثم استدل لذلك بقوله تعالى : "وَجَادِلْهُم بِالَّتِي هِيَ أَحْسَنُ "
>
> ابن مفلح : الآداب الشرعية : 207/1.

> ഇമാം അഹ്മദ് പറയുന്നു:
>
> മൗനം ദീക്ഷിക്കാൻ ഞങ്ങൾ കൽപിക്കപ്പെടുമായിരുന്നു. പക്ഷെ ഒരു കാര്യത്തിലേക്ക് ഞങ്ങൾ ക്ഷണിക്കപ്പെട്ടപ്പോൾ അത് തള്ളുവാൻ ഞങ്ങൾക്ക് പറ്റുമായിരുന്നില്ല. അവർ പറഞ്ഞതിൽ നിരാകരിക്കപ്പെടേണ്ടത് വ്യക്തമാക്കലും ഞങ്ങൾക്ക് അനിവാര്യമായി വന്നു.

അപ്പോൾ ഇമാം അഹ്മദിൻെറ( رَحِمَهُ الله ) നിലപാട് വ്യക്തമാണ്: ക്വുർആൻെറ കൽപന അനുസരിച്ചു കൊണ്ട് "ഏറ്റവും നല്ല നിലയിൽ അവരുമായി സംവദിക്കുക".

## 4. മുതവക്കിൽ ആവശ്യപ്പെട്ടപ്പോൾ മാത്രമാണ് ഇമാം അഹ്മദ് ഗോദയിലിറങ്ങിയത്?!!

മുതവക്കിൽ ആവശ്യപ്പെട്ടതിന് ശേഷം മാത്രമാണ് ഇമാം അഹ്മദ്( رَحِمَهُ الله ) അതിനെതിരിൽ സംസാരിക്കാൻ തുടങ്ങിയതെന്നാണ് ബോധനത്തിൻെറ കണ്ടെത്തൽ!!

> നവോത്ഥാന നായകന് എങ്ങിനെ കഴിയും? മാത്രമല്ല, മൗനം വെടിഞ്ഞ് ഏതെങ്കിലും ഒരു വശത്തെ പിന്താങ്ങണമെന്ന് ഖലീഫഃ മുതവക്കിൽ ആവശ്യപ്പെടുക കൂടി ചെയ്തതോടെ അദ്ദേഹം തന്റെ നയം മാറ്റി ഗോദയിലിറങ്ങുകയുണ്ടായി. മുമ്പ് ബിദ്അത്തെന്ന് ഫത്വ നൽകിയ

എന്നാൽ, ചരിത്രം പരിശോധിച്ചാൽ നമുക്ക് മനസ്സിലാകുന്ന ഒരു സംഗതി യുണ്ട്. അതെന്താണെന്നാൽ, ഖലീഫ മഅ്മൂനി[3]ൻെറയും, ഖലീഫ മുഅ്തസ്വിമി[4]ൻെറയും, ശേഷം വന്ന ഖലീഫ വാഥിക്വി[5]ൻെറയും ഭരണകാലഘട്ടങ്ങളിലാണ് ഇമാം അഹ്മദ് ( رحمه الله ) പരീക്ഷണങ്ങളും പ്രയാസങ്ങളും നേരിട്ടത്.

എന്നാൽ, വാഥിക്വിൻെറ കാലശേഷം വന്ന ഖലീഫാ മുതവക്കിൽ ഇമാം അഹ്മദി( رحمه الله )നോടൊപ്പം നിൽക്കുകയും ജഹ്മിയ്യ- മുഅ്തസ്വിലിയ്യാക്കൾക്കെതിരിൽ അഹ്ലുസ്സുന്നത്തിനെ സഹായിക്കുകയും ചെയ്തിരുന്നു.

ഇത് ബോധനം സമ്മതിക്കുന്നുണ്ട്:

> എന്നാൽ ഖലീഫഃ മുതവക്കിൽ ഭരണമേറ്റെടുത്ത തോടെ കാര്യങ്ങൾ കീഴ്മേൽ മറിഞ്ഞു. ചിന്താപരമായ സങ്കീർണതകളിൽ നിന്നും ഏറെ അകലെയായിരുന്ന തുർക്കികൾക്കായിരുന്നു അദ്ദേഹത്തിന്റെ കാലത്ത് രാഷ്ട്ര കാര്യങ്ങളിൽ ആധിപത്യമുണ്ടായിരുന്നത്. അത് ധൈഷണിക വിപ്ലവത്തിന് കാരണമാവുകയും മുഅ്തസിലി ചിന്തക്ക് പകരം സലഫീ സമീപന രീതി പ്രതിഷ്ഠിക്കപ്പെടുകയുമുണ്ടായി. വ്യാഖ്യാനത്തിനും കേവല അഭിപ്രായത്തിനുംമേൽ പ്രമാണങ്ങൾ മേൽക്കൈനേടി. രാഷ്ട്രത്തിലെ ഉന്നത ഉദ്യോഗങ്ങളിൽ ഖാദിമാരെയും മറ്റ് ഉദ്യോഗാർത്ഥികളെയും നിശ്ചയിക്കുന്നതിനു അഹ്മദ്ബ്നു ഹമ്പലിനോട് അഭിപ്രായമാരാഞ്ഞു. അദ്ദേഹം ഉപദേശക സമിതിയുടെയും ഖാദിമാരുടെയും പേരുവിവരങ്ങൾ അടങ്ങിയ ഒരു കുറിപ്പ് ഖലീഫക്ക് നൽകി. ഖലീഫഃ മുഅ്തസിലുകളെ പിരിച്ചുവിട്ട് ജയിലിലടക്കുകയും ഒഴിവുവന്ന തസ്തികകളിൽ പുതിയ നിയമനം നടത്തുകയും ചെയ്തു. ഇത്തരത്തിൽ, സലഫി സമീപന രീതിയുടെ സുവർണയുഗമായാണ് ഇക്കാലഘട്ടം ചരിത്രത്തിൽ വിലയിരുത്തപ്പെടുന്നത്.

അങ്ങനെ ഖലീഫാ മുതവക്കിൽ അദ്ദേഹത്തിൻെറ കാലത്ത് സുന്നത്തിനെയും അതിൻെറ ആളുകളെയും സഹായിച്ചു. ക്വുർആൻ സൃഷ്ടിയാണെന്ന് പറയുന്നതിനെ അദ്ദേഹം വിലക്കുകയും ചെയ്തു.

ഇനി നാം ചിന്തിക്കുക. മഅ്മൂനിൻെറയും, മുഅ്തസ്വിമിൻെറയും വാഥിക്വിൻെറയും കാലത്ത് ഇമാം അഹ്മദ് ( رحمه الله ) മൗനം പാലിക്കുകയായിരുന്നോ?

---

[3] അബൂ ജഅ്ഫർ അൽ മഅ്മൂൻ ഇബ്നു ഹാറൂൻ

[4] അബൂ ഇസ്ഹാക്വ് അൽ മുഅ്ത്തസ്വിം ഇബ്നു ഹാറൂൻ

[5] അൽ വാഥിക്വ് ഇബ്നു മുഅ്തസ്വിം.

അങ്ങനെയായിരുന്നുവെങ്കിൽ, അദ്ദേഹം എന്തിൻെറ പേരിലാണ് അവരുടെ കാലഘട്ടങ്ങളിൽ പരീക്ഷണം നേരിട്ടത്? ചരിത്രത്തെ വികൃതമാക്കാൻ ശ്രമിക്കുന്ന ബോധനം ഇതിന് മറുപടി പറയണം.

ബോധനം തന്നെ ഇത് സമ്മതിക്കുന്നുണ്ട്:

> കൃതികകളായിരുന്നു. ഹിജ്റഃ 218 ൽ ഖലീഫഃ മഅ്മൂൻ ഖുർആൻ സൃഷ്ടിവാദം പരസ്യപ്പെടുത്തുകയും അംഗീകരിക്കാത്ത പണ്ഡിതന്മാരെ ജയിലിലടച്ച് പീഡിപ്പിക്കുകയും ചെയ്തു. ഭൂരിപക്ഷം പണ്ഡിതന്മാരും ഖലീഫയുടെ ഭീഷണിക്ക് വഴങ്ങി ഖുർആൻ സൃഷ്ടിവാദത്തെ പിന്തുണച്ചപ്പോഴും ഇമാം അഹ്മദുബ്നു ഹമ്പൽ (റ), മുഹമ്മദ് ബ്നു നൂഹ് തുടങ്ങിയവർ അത് നിരസിക്കുകയാണ് ചെയ്തത്. അവരെ ചങ്ങലകളിൽ ബന്ധിച്ച് ഹാജരാക്കാൻ മഅ്മൂൻ ഉത്തരവിട്ടു. കൊട്ടാരത്തിലേക്കുള്ള യാത്രക്കിടയിൽ മുഹമ്മദ് ബ്നു നൂഹ് (റ) മരണപ്പെട്ടു. ശേഷം റിഖഃ എന്ന പ്രദേശത്തെത്തിയപ്പോഴേക്കും മഅ്മൂനിന്റെ മരണവാർത്തയാണ് അവരെ തേടിയെത്തിയത്. ഖുർആൻ സൃഷ്ടിവാദം അംഗീകരിക്കാത്ത പണ്ഡിതന്മാരെ പീഡനവിധേയമാക്കണമെന്നു, പിൻഗാമിയായി നിശ്ചയിച്ച മുഅ്തസിമിനു വസിയ്യത്ത് നൽകിയാണ് അദ്ദേഹം മരണപ്പെട്ടതെന്നത് ശ്രദ്ധേയമാണ്.

വ്യക്തമായ തെളിവുകളുടെ പിൻബലമുള്ള തൻെറ നിലപാട് വിശദീകരിച്ചുകൊണ്ട് ഇമാം അഹ്മദ് ( رَحِمَهُ اللهُ ) പറഞ്ഞത് താരീഖുത്തബ്രിയിൽ എടുത്തുദ്ധരിച്ചിട്ടുണ്ട്. അത് ഇങ്ങനെ വായിക്കാം:

> .....،وكان الإمام أحمد في السجن ،فاستحضره المعتصم من السجن ،وعقد له مجلساً مع ابن أبي دؤاد وغيره من علماء السوء ،وجلسوا يناقشونه في خلق القرآن ،والإمام أحمد يستدل عليهم بالنصوص الواردة ،ويقول لهم: **أعطوني دليلاً من كتاب الله أو سنة رسوله صلى الله عليه وسلم** ،وانفض المجلس ذلك اليوم دون شيء ،وأمر المعتصم برده إلى السجن، وفي اليوم التالي أحضر من السجن وعقد المجلس ،وكان موقفه رائعاً جليلاً كموقفه في الأمس ،ورغم المحاولات والمناقشات ،صمم الإمام أحمد على كلامه ،وفشل القوم كفشلهم بالأمس ،وانفض الاجتماع ورُد الإمام أحمد إلى السجن ،وفي اليوم الثالث أعيد انعقاد المجلس ،وأُحضر الإمام أحمد من السجن ،وأعيدت المناقشة ،وكان المعتصم عند عقد مجلس المناظرة ،قد بسط بمجلسه بساطاً ،ونصب كرسياً جلس عليه ،وازدحم الناس إذ ذاك ،كازدحامهم أيام الأعياد ،وكان مما دار بينهم ،أن قال للإمام أحمد ،ما تقول في القرآن ،فقال كلام الله غير مخلوق ،قال الله تعالى: وإن أحد من المشركين استجارك فأجره حتى يسمع كلام الله قال هل عندك حجة غير هذا ،قال نعم ،قول الله تعالى: الرحمن علم القرآن ولم يقل: خلق القرآن وقال تعالى: يس والقرآن الحكيم ولم يقل والقرآن المخلوق. ...... تاريخ الطبري 332/7

തന്നെ പീഡിപ്പിക്കുകയും ഉപദ്രവിക്കുകയും ചെയ്തവരോട് ക്വുർആനിൽ നിന്നും സുന്നത്തിൽ നിന്നുമുള്ള തെളിവ് നൽകാനാണ് ഇമാം അഹ്മദ് ( رَحِمَهُ اللهُ ) ആദ്യമായി ആവശ്യപ്പെടുന്നത്. രണ്ടാമതായി, അദ്ദേഹം തൻെറ നിലപാട് സ്ഥാപിക്കുന്നതിനായി ക്വുർആനിൽ നിന്നുള്ള ഒരു വചനമാണ് ഓതിയത്. ഇതു തന്നെയായിരുന്നു സലഫുകളുടെ രീതിയും.

അപ്പോൾ, 'ഏതെങ്കിലും ഒരു വശത്തെ പിന്താങ്ങണമെന്ന് ഖലീഫ മുതവക്കിൽ ആവശ്യപ്പെട്ടത് കൊണ്ടാണ് ഇമാം അഹ്മദ് ( رَحِمَهُ اللهُ ) തൻെറ നയം മാറ്റി ഗോദയിലിറങ്ങിയത്' എന്ന ലേഖകൻെറ വാദം ഇവിടെ പൊളിയുകയാണ്. കാരണം, ഖലീഫ മുതവക്കിലിന് മുമ്പ് തന്നെ ഇമാം അഹ്മദ് ( رَحِمَهُ اللهُ ) ഈ നിലപാട് സ്വീകരിച്ചിരുന്നുവെന്ന് താരീഖുത്തബ്രിയിലെ ഉദ്ധരണി നമ്മെ ബോധ്യപ്പെടുത്തുന്നു. അതിനാൽ, ഇമാം അഹ്മദിന് ഈ വിഷയത്തിൽ രണ്ടഭിപ്രായമുണ്ടായിരുന്നുവെന്ന ബോധനത്തിൻെറ വാദം പച്ചക്കള്ളമാണ്. ഇതിനെ അക്കാദമികമായ സത്യസന്ധതയില്ലായ്മ എന്ന് വേണമെങ്കിൽ വിളിക്കാം. എന്നാൽ, മഹാനായ ഈ ഇമാമിൻെറ അഭിമാനത്തിന് നേരെയുള്ള ആക്രമണമായിട്ടാണ് നാം ഇതിനെ കണക്കാക്കുന്നത്.

ഇനി, ബോധനത്തോട് ചോദിക്കട്ടെ:

a. ക്വുർആനിൽ നിന്നും സുന്നത്തിൽ നിന്നുമുള്ള തെളിവുകൾ ചോദിക്കുന്നതും അത് സ്ഥാപിക്കുന്നതും ഇൽമുൽ കലാമിൻെറ രീതിയാണോ?

b. ഇമാം അഹ്മദ് ( رَحِمَهُ اللهُ ) എവിടെയാണ് തൻെറ ആദ്യ ഫത്‌വയിൽ നിന്നും പിൻവാങ്ങിയത്?

## 5. അബൂസഹ്റയുടെ പ്രസ്താവനയും ബോധനത്തിൻെറ കൈകടത്തലും

'മൗനം വെടിഞ്ഞ് ഏതെങ്കിലും ഒരു വശത്തെ പിന്താങ്ങണമെന്ന് ഖലീഫ മുതവക്കിൽ ആവശ്യപ്പെടുക കൂടി ചെയ്തതോടെ അദ്ദേഹം തൻെറ നയം മാറ്റി ഗോദയിലിറങ്ങുകയുണ്ടായി' എന്ന സിദ്ധാന്തം ബോധനം ലേഖകൻ കെട്ടിച്ചമച്ചതെങ്ങനെ എന്ന് പരിശോധിക്കേണ്ടതുണ്ട്.[6] അതിന്, ഈ ലേഖനമെഴുതാൻ ബോധനം ലേഖകൻ ഉപയോഗിച്ച സ്രോതസ്സ് പരിശോധിക്കപ്പെടേണ്ടതുണ്ട്.

[6] അബൂസഹ്റയുടെ ലേഖനത്തിൽ മുതവക്കിലുമായി ബന്ധപ്പെട്ട ക്വുർആൻ സൃഷ്ടിവാദത്തിൻെറ വിഷയം മാത്രമാണ് ചർച്ച ചെയ്യുന്നത്. അബൂ സഹ്റയുടെ പ്രസ്തുത ഗ്രന്ഥത്തിൻെറ തൊട്ടു മുമ്പുള്ള അദ്ധ്യായത്തിൽ (الإيمان), (مرتكب الكبيرة), (رؤية الله) തുടങ്ങിയ വിഷയങ്ങളിൽ ഇമാം അഹ്മദിൻെറയും( رَحِمَهُ اللهُ ) മറ്റു പണ്ഡിതൻമാരുടെയും നിലപാട് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, ഇമാം അഹ്മദ് മൗനം പാലിച്ച വിഷയങ്ങളുടെ കൂട്ടത്തിൽ ബോധനം ലേഖകൻ ഇവയും ഉൾപ്പെടുത്തി. ചരിത്രസത്യത്തെ വികൃതമാക്കുന്നതിലുള്ള ബോധനത്തിൻെറ പ്രാവീണ്യം ഇവിടെ തെളിയിക്കപ്പെടുകയാണ്.

മുഹമ്മദ് അബൂ സഹ്റയുടെ **ابن حنبل : حياته وعصره - آراؤه الفقهية** എന്ന ഗ്രന്ഥമാണ്[7] ഇതിൻെറ സ്രോതസ്സ്.

അതിൽ അബൂ സഹ്റ പറയുന്നത് കാണുക:

١٥ — وقال فريق آخر إن أحمد كان يرى أن القرآن بحروفه ، وكلماته وعباراته ومعانيه غير مخلوق ، وإن رسائل أحمد وكثيراً من عباراته المروية عنه تدل على ذلك ، وتصرح به ، ومن ذلك رسالته إلى المتوكل عندما طلب إليه هذا أن يبين له حقيقة رأيه ، والقول الشافي في مسألة خلق القرآن والجمع بين ما جاء في هذه الرسالة ، والإجابات التي أجاب بها رسل المأمون وأجاب بها المعتصم أنه كان في أول الأمر يتوقف ، ممتنعاً عن الخوض في أمر ليس من السنة الخوض فيه ، فلم يعلن رأيه أو لعله لم يكن قد كون لنفسه فيه رأياً ، فلما طم السيل ، وراجع المصادر التي بين يديه من الآثار وأخبار الصحابة والتابعين أعلن رأيه هذا مع حرصه على أن عدم الخوض أولى ، وأن الاختصام في كتاب الله تعالى لا يجوز .

മറ്റൊരു വിഭാഗം പറഞ്ഞു ഖുർആനും അതിന്റെ **حروف ، كلمات ،عبارات ،معنى** ഒന്നും സൃഷ്ടിയല്ല എന്ന് ഇമാം അഹ്മദ് അഭിപ്രായപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ ലഘുകൃതികളും ധാരാളം ഉദ്ധരണികളും അത് അറിയിക്കുകയും സ്പഷ്ടമാക്കുകയും ചെയ്യുന്നു. **خلق القرآن** –ന്റെ വിഷയത്തിൽ ഒരു ശമനവാക്കും തന്റെ വീക്ഷണത്തിന്റെ നിജസ്ഥി വ്യക്താമാക്കുന്ന ഒരു എഴുത്ത് മുതവക്കിൽ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം രചിച്ചതും ഇതിൽ ഉൾപ്പെടുന്നു. ഈ എഴുത്തിൽ വന്നതും മഅ്മൂനിന്റെ ദൂതന്മാർക്കും മുഅ്ത്തസമിനും നൽകിയതായ മറുപടികളേയും ഏകോപ്പിച്ച് പറഞ്ഞാൽ **خلق القرآن** –ന്റെ (ഫിത്ന്‌നയുടെ) വിഷയത്തിന്റെ തുടക്കത്തിൽ അദ്ദേഹം വിട്ടു നിന്നു. ചുഴിഞ്ഞന്വേഷിക്കൽ സുന്നത്തിൽ പെട്ടതല്ലാത്ത ഒരു കാര്യത്തിൽ ചുഴിഞ്ഞന്വേഷിക്കുന്നതിനെ തൊട്ടുള്ള വിട്ടു നിൽക്കലായിരുന്നു അത്. അതിനാൽ തന്നെ തന്റെ അഭിപ്രായം പരസ്യപ്പെടുത്തിയില്ല. അല്ലെങ്കിൽ ആ വിഷയത്തിൽ അദ്ദേഹത്തിനൊരു അഭിപ്രായം ഉണ്ടായിരുന്നില്ല; എന്നാൽ പ്രശ്നം ഗുരുതരമായപ്പോൾ തന്റെ മുമ്പിലുള്ള ആഥാറുകളും സഹാബികളിൽനിന്നും താബിഈങ്ങളിൽനിന്നുമുള്ള റിപ്പോർട്ടുകൾ എന്നീ അവലംഭങ്ങളെ പരിശോധന നടത്തിയപ്പോൾ അദ്ദേഹം തന്റെ വീക്ഷണം പരസ്യപ്പെടുത്തി. ചുഴിഞ്ഞന്വേഷിക്കാതിരിക്കലാണ് ഏറ്റവും നല്ലത്. ഖുർആനിന്റെ വിഷയത്തിൽ തർക്കം അനുവദനീയമല്ല എന്നിവയിൽ അതീവ താല്പര്യത്തോടൊപ്പമായിരുന്നു അദ്ദേഹത്തിന്റെ ഈ അഭിപ്രായ പ്രകടനം

[7] റഫറൻസ് ഗ്രന്ഥങ്ങളുടെ പട്ടികയിൽ ലേഖകൻ ഈ ഗ്രന്ഥം പരാമർശിച്ചിട്ടില്ല. മറന്നുപോയതാകാം.

അറിയുക! ക്വുർആനിന്റെ لفظ[8] / كلمات / معنى തുടങ്ങിയ വിഷയങ്ങളിൽ ഇമാം അഹ്മദി( رَحِمَهُ الله )നോട് തന്റെ ശരിയായ നിലപാട് വ്യക്തമാക്കാൻ ഖലീഫ മുതവക്കിൽ ആവശ്യപ്പെട്ടുവെന്നാണ് അബൂസഹ്റ പറയുന്നത്. ഏതെങ്കിലും ഒരു വശത്തെ പിന്താങ്ങണമെന്ന് ഖലീഫ മുതവക്കിൽ ആവശ്യപ്പെട്ടതായി അബൂസഹ്റ പോലും ഉദ്ധരിക്കുന്നില്ല. പിന്നെയെവിടുന്ന് കിട്ടി ബോധനത്തിന് ഈ സിദ്ധാന്തം? നിരൂപണകലയെ വികൃതമാക്കുന്ന അവലക്ഷണങ്ങൾ കൊണ്ട് സമ്പന്നമായ ബോധനം ലേഖനത്തിൽ അബൂസഹ്റയുടെ വാക്കുകൾ പോലും വികൃതമാക്കപ്പെട്ടിരിക്കുന്നു!!

'ഇമാം അഹ്മദ് തന്റെ നയം മാറ്റി ഗോദയിലിറങ്ങി'യെന്നാണ് ബോധനം ലേഖകൻ പരിതപിക്കുന്നത്. അബൂസഹ്റ ഇതു പറഞ്ഞിട്ടില്ല. ലേഖകന്റെ ഭാവനാവിലാസം മാത്രമാണിത്. യഥാർത്ഥത്തിൽ, മുതവക്കിലിന്റെ കാലത്ത് ആരും തന്നെ ഗോദയിലുണ്ടായിരുന്നില്ല. സുന്നത്തിന്റെ സഹായകനായ മുതവക്കിൽ അപ്പോഴേക്കും മുഅ്തസലിയ്യാക്കളെ നിശബ്ദരാക്കിക്കഴിഞ്ഞിരുന്നു.

## 6. അബൂ സഹ്റയുടെ പ്രസ്താവനയുടെ വിശകലനം

ഇനി, അബൂസഹ്റയുടെ പ്രസ്താവന പരിശോധിക്കാം:

വാചകം 1

> മറ്റൊരു വിഭാഗം പറഞ്ഞു ഖുർആനും അതിന്റെ معنى ،عبارات ،كلمات ، حروف ഒന്നും സൃഷ്ടിയല്ല എന്ന് ഇമാം അഹ്മദ് അഭിപ്രായപ്പെട്ടിരുന്നു.അദ്ദേഹത്തിന്റെ ലഘുകൃതികളും ധാരാളം ഉദ്ധരണികളും അത് അറിയിക്കുകയും സ്പഷ്ടമാക്കുകയും ചെയ്യുന്നു.

വിശകലനം

ഇമാം അഹ്മദി( رَحِمَهُ الله )നെ കുറിച്ച് ഇപ്പറഞ്ഞത് മുഴുവൻ സത്യവും ശരിയുമാണ്.

വാചകം 2

> **خلق القرآن** -ന്റെ വിഷയത്തിൽ ഒരു ശമനവാക്കും തന്റെ വീക്ഷണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുന്ന ഒരു എഴുത്ത് മുതവക്കിൽ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം രചിച്ചതും ഇതിൽ ഉൾപ്പെടുന്നു.

വിശകലനം

ഇതും സത്യമാണ്.

---

[8] ക്വുർആനിന്റെ ലഫ്ദ്(لفظ) സൃഷ്ടിയാണോ, അല്ലേ എന്നുള്ളതാണ് വിഷയം. (കൂടുതലറിയാൻ അനുബന്ധം 1 കാണുക.

വാചകം 3

ഈ എഴുത്തിൽ വന്നതും മഅ്മൂനിന്റെ ദൂതന്മാർക്കും മുഅ്ത്തസമിനും നൽകിയതായ മറുപടികളേയും ഏകോപ്പിച്ച് പറഞ്ഞാൽ **خلق القرآن** –ന്റെ (ഫിത്ത്നയുടെ) വിഷയത്തിന്റെ തുടക്കത്തിൽ അദ്ദേഹം വിട്ടു നിന്നു.

വിശകലനം

**ഇത് ഇമാം അഹ്മദിൻെറ (മഅ്മൂനിൽ നിന്നുള്ള) പരീക്ഷണങ്ങൾ തുടങ്ങുന്നതിന് മുമ്പുള്ളതാണ്. സലഫുകളുടെ മാർഗം അവലംബിച്ചതാണ് ഈ വിട്ടുനിൽക്കലിന് കാരണം എന്ന് നമുക്ക് കാണാവുന്നതാണ്.**

**അബൂസഹ്റ തൻെറ ഗ്രന്ഥത്തിൽ പറയുന്നു:**

> **സലഫുകൾക്ക് പരിചയമില്ലാത്ത കാര്യങ്ങൾ സംസാരിക്കുന്നവരിൽ നിന്നും അഹ്മദ് വിട്ടു നിന്നു. അത്തരക്കാർക്ക് മറുപടി പറഞ്ഞു കൊണ്ട് സമയം പാഴാക്കാൻ അദ്ദേഹം തയ്യാറായില്ല. മരണം വരെയും ഇതു തന്നെയായിരുന്നു അദ്ദേഹത്തിൻെറ രീതി.**

**ചുരുക്കത്തിൽ, അബൂസഹ്റയുടെ അഭിപ്രായത്തിൽ, അദ്ദേഹം സലഫുകളുടെ മാർഗമാണ് പിൻപറ്റിയിരുന്നത്.**

വാചകം 4

ചുഴിഞ്ഞന്വേഷിക്കൽ സുന്നത്തിൽ പെട്ടതല്ലാത്ത ഒരു കാര്യത്തിൽ ചുഴിഞ്ഞന്വേഷിക്കുന്നതിനെ തൊട്ടുള്ള വിട്ടു നിൽക്കലായിരുന്നു അത്. അതിനാൽ തന്നെ തന്റെ അഭിപ്രായം പരസ്യപ്പെടുത്തിയില്ല. അല്ലെങ്കിൽ ആ വിഷയത്തിൽ അദ്ദേഹത്തിനൊരു അഭിപ്രായം ഉണ്ടായിരുന്നില്ല.

വിശകലനം

**പരീക്ഷണങ്ങൾക്ക് മുമ്പ് ഇമാം അഹ്മദ് ഈ വിഷയത്തിൽ മൗനം പാലിച്ചതിൻെറ കാരണമാണ് ഇവിടെ അബൂസഹ്റ പറയുന്നത്. രണ്ട് കാരണങ്ങളാണ് അയാൾ പറയുന്നത്. (1) സുന്നത്തിൽ പെട്ടതല്ലാത്തതിനാൽ അതിൽ ചുഴിഞ്ഞന്വേഷിക്കേണ്ടതില്ലെന്ന് അദ്ദേഹത്തിന് തോന്നി. (2) ഈ വിഷയത്തിൽ ഇമാം അഹ്മദിന് വ്യക്തമായ ഒരഭിപ്രായമുണ്ടായിരുന്നില്ല. ചുഴിഞ്ഞന്വേഷിക്കാതിരിക്കുകയും, സ്വന്തമായി ഒരഭിപ്രായത്തിൽ എത്താത്ത ഒരവസ്ഥ സംജാതമായാൽ മൗനം അവലംബിക്കുകയും ചെയ്യുക എന്ന സലഫുകളുടെ മാർഗമാണ് ഇമാം അഹ്മദ് ( رَحِمَهُ اللهُ ) ഇവിടെ സ്വീകരിച്ചത്.**

**യാഥാർത്ഥ്യമെന്താണെന്നു വെച്ചാൽ, ഇമാം അഹ്മദ് ഒരിക്കലും ഇൽമുൽ കലാമിൽ പ്രവേശിച്ചിരുന്നില്ല. മരണം വരെയും ഇതു തന്നെയായിരുന്നു അദ്ദേഹത്തിൻെറ രീതി.**

<u>വാചകം 5</u>

എന്നാൽ <u>പ്രശ്നം ഗുരുതരമായപ്പോൾ</u> തന്റെ മുമ്പിലുള്ള ആഥാറുകളും സഹാബികളിൽനിന്നും താബിഈങ്ങളിൽനിന്നുമുള്ള റിപ്പോർട്ടുകൾ എന്നീ അവലംഭങ്ങളെ പരിശോധന നടത്തിയപ്പോൾ അദ്ദേഹം തന്റെ വീക്ഷണം പരസ്യപ്പെടുത്തി. ചുഴിഞ്ഞന്വേഷിക്കാതിരിക്കലാണ് ഏറ്റവും നല്ലത്. ഖുർആനിന്റെ വിഷയത്തിൽ തർക്കം അനുവദനീയമല്ല എന്നിവയിൽ അതീവ താല്പര്യത്തോടൊപ്പമായിരുന്ന അദ്ദേഹത്തിന്റെ ഈ അഭിപ്രായ പ്രകടനം.

<u>വിശകലനം</u>

**പരീക്ഷണങ്ങൾ തുടങ്ങിയപ്പോഴുള്ള സാഹചര്യത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ഇവിടെ (മഅ്മൂനിൽ നിന്നും മുഅ്തസിമിൽ നിന്നുമുള്ള) പരീക്ഷണകാലഘട്ടത്തിൽ തൻെറ വീക്ഷണം പരസ്യപ്പെടുത്താൻ ഇമാം അഹ്മദ് ആഥാറുകളും സ്വഹാബികളിൽ നിന്നും താബിഉകളിൽ നിന്നുമുള്ള റിപ്പോർട്ടുകളും അവലംബിച്ചതായിട്ടാണ് അബൂസഹ്റ പറയുന്നത്. അതോടൊപ്പം തന്നെ, ചുഴിഞ്ഞന്വേഷിക്കാതിരിക്കാനും ക്വുർആനിൻെറ വിഷയത്തിൽ തർക്കിക്കാതിരിക്കാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. തെളിവുകൾ പരിശോധിച്ച് വ്യക്തമായ അഭിപ്രായം സ്വരൂപിച്ചതിന് ശേഷം ഇമാം അഹ്മദ്( رحمه الله ) സലഫുകളുടെ മാർഗത്തിൽ നിന്നു കൊണ്ട് തൻെറ നിലപാട് വ്യക്തമാക്കി. ഇങ്ങനെയാണ് അബൂസഹ്റ വിശദീകരിക്കുന്നത്.**

**അബൂസഹ്റയുടെ ഈ പ്രസ്താവനയിൽ നിന്നും നമുക്ക് മനസ്സിലാകുന്നതെന്താണെന്നാൽ, അബൂസഹ്റ വിശദീകരിച്ച ഇമാം അഹ്മദ്( رحمه الله ) ബോധനം ലേഖകൻേറതിൽ നിന്നും വ്യത്യസ്തമാണ്. ബോധനം ലേഖകൻ ആശ്രയിച്ചത് അബൂ സഹ്റയുടെ പുസ്തകമാണ് താനും!! അബൂസഹ്റയുടെ ഇമാം അഹ്മദ്( رحمه الله ) എന്നും സലഫുകളുടെ രീതി കാത്തുസൂക്ഷിച്ചിരുന്നു. എങ്കിലും ബോധനത്തിന് വിരോധം സലഫുകളുടെ രീതിയോട് തന്നെ!!!**

**അബൂസഹ്റയുടെ പ്രസ്താവന ഒരാവർത്തി കൂടി വായിച്ച ശേഷം പറയുക. ഈ വാചകം ബോധനത്തിന് എവിടുന്ന് കിട്ടി?**

> നവോത്ഥാന നായകന് എങ്ങിനെ കഴിയും? <u>മാത്രമല്ല,</u>
> <u>മൗനം വെടിഞ്ഞ് ഏതെങ്കിലും ഒരു വശത്തെ പിന്താങ്ങ</u>
> <u>ണമെന്ന് ഖലീഫഃ മുതവക്കിൽ ആവശ്യപ്പെടുക കൂടി</u>
> <u>ചെയ്തതോടെ അദ്ദേഹം തന്റെ നയം മാറ്റി ഗോദയിലിറ</u>
> <u>ങ്ങുകയുണ്ടായി.</u> മുമ്പ് ബിദ്അത്തെന്ന് ഫത്വ നൽകിയ

**خلق القرآن** ന്റെ വിഷയത്തിൽ ഇമാം അഹ്മദ് ( رَحِمَهُ ٱللَّٰهُ ) ഒരിക്കലും മൗനം പാലിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ കാലത്തുണ്ടായിരുന്ന എല്ലാ ഭരണകർത്താക്കളോടും തന്റെ വീക്ഷണം അദ്ദേഹം പരസ്യപ്പെടുത്തിയിരുന്നു. ക്വുർആൻ സൃഷ്ടിയല്ല; മറിച്ച്, അത് അല്ലാഹുവിന്റെ കലാം(വചനം) ആണ് എന്ന വാദം തന്നെയായിരുന്നു അദ്ദേഹം ആദ്യാവസാനം വെച്ചു പുലർത്തിയിരുന്നത്. ഇതു തന്നെയാണ് എക്കാലത്തുമുള്ള അഹ്ലുസ്സുന്നത്തിന്റെയും നിലപാട്.

## 7. ബോധനം പുതുതായി സൃഷ്ടിച്ച 'ഇമാം അഹ്മദ്'

ചരിത്രത്തിന് പരിചയമില്ലാത്ത ഒരു 'ഇമാം അഹ്മദി'നെ ബോധനം സൃഷ്ടിക്കുകയാണ് ചെയ്തത്. ഈ ഇമാമിന്റെ സവിശേഷതകൾ താഴെ പറയും പ്രകാരമാണ്:

1. ഇൽമുൽ കലാമിൽ മുഴുകിയ ഇമാം അഹ്മദ്!

2. ഇൽമുൽ കലാമിനെ കുറിച്ചുള്ള തന്റെ നയം മാറ്റി ഗോദയിലിറങ്ങിയ ഇമാം അഹ്മദ്!

3. ഖലീഫ മുതവക്കിൽ ആവശ്യപ്പെട്ടപ്പോൾ ഏതെങ്കിലും ഒരു വീക്ഷണം തെരഞ്ഞെടുക്കാൻ നിർബന്ധിതനായ ഇമാം അഹ്മദ്!

4. (നയം) മാറ്റത്തിന് വേണ്ടി നിലകൊണ്ട ഇമാം അഹ്മദ്!! (ബോധനം കാണുക:)

> ഇമാം അഹ്മദ് ബ്നു ഹമ്പൽ സ്വീകരിച്ച നയം മാറ്റത്തിന്റെ പേരിൽ മുസ്ലിം ലോകത്ത് അദ്ദേഹത്തെ ആരെങ്കിലും വിമർശിച്ചതായി അറിയില്ല. ആധുനിക

പുതിയൊരു ഇമാം അഹ്മദിനെ പ്രതിഷ്ഠിച്ച ബോധനം ലേഖകൻ ആ ഇമാം അഹ്മദിനെ മാതൃകയാക്കാൻ സലഫികളോട് ആവശ്യപ്പെടുകയാണ്. അതെ, ആ ഇമാം അഹ്മദിനെ മാതൃകയാക്കിക്കൊണ്ട് സാഹചര്യങ്ങൾക്കനുസരിച്ച് നയം മാറ്റാൻ നാം തയ്യാറാകണം പോൽ!! അത് കൊണ്ടാണ് ബോധനം എഴുതിയത്:

> ആരെങ്കിലും വിമർശിച്ചതായി അറിയില്ല. ആധുനിക മുസ്ലിം നവോത്ഥാന പ്രസ്ഥാനങ്ങൾ സാഹചര്യങ്ങൾക്കനുസരിച്ച് നയം മാറ്റുമ്പോൾ ഉറഞ്ഞുതുള്ളുന്ന സലഫി പാരമ്പര്യവാദികൾ പ്രഥമമായി പരിശോധിക്കേണ്ടത് സലഫി സമീപനരീതിയുടെ ഇമാമായ അഹ്മദ്ബ്നു ഹമ്പൽ(റ)ന്റെ ചരിത്രമാണ്.

## 8. സാഹചര്യത്തിനനുസരിച്ച് നയം മാറ്റം

സലഫുകളുടെ രീതി ഗ്രീക്ക് റോമൻ ഫിലോസഫികളെ പ്രതിരോധിക്കാൻ പര്യാപ്തമല്ലാത്തത് കൊണ്ടാണ് ഇൽമുൽ കലാം രംഗപ്രവേശം ചെയ്തതെന്ന് ബോധനം ലേഖകൻ വാദിക്കുന്നു. അത് മാത്രമല്ല, ഗ്രാമീണ ജനതയുടെ യുക്തിക്ക് മാത്രം പര്യാപ്തമായ സലഫുകളുടെ ഈ രീതി ഒരിക്കലും നാഗരിക യുക്തിക്ക് യോജിക്കുന്നതല്ലെന്നും അദ്ദേഹം വിലയിരുത്തുന്നു. ബോധനം തന്നെ പറയുന്നത് കാണുക:

പുതിയ അനുഭവമായിരുന്നു. മനുഷ്യ ചിന്തയുടെ അതി സങ്കീർണമായ മേഖലകളിൽ ഇടപെടാനവർ നിർബദ്ധരായി. ഗ്രീക്ക്-റോമൻ തത്വചിന്തകളുടെ ശക്തമായ രശ്മികൾ പുതുതായി ഇസ്‌ലാം ആശ്ലേഷിച്ചവരിലൂടെ അറബ് മുസ്‌ലിം മസ്തിഷ്കങ്ങളിൽ വിള്ളലുകളും പോറലുകളുമേൽപിച്ചു. പേർഷ്യൻ സാമ്രാജ്യം സ്വായത്തമാക്കിയിരുന്ന നാഗരിക പൈതൃകവും ഇന്ത്യക്കാരുടെ യുക്തിചിന്തയും ഗ്രീക്ക്-റോമൻ സമൂഹങ്ങളിലെ തത്വശാസ്ത്രവും ഇസ്‌ലാമിക രാഷ്ട്രത്തിൽ സമ്മേളിച്ചു. ലളിതയുക്തിയുടെ അന്തരീക്ഷത്തിൽ ജീവിച്ചിരുന്ന ഗ്രാമീണ ജനതയുടെ, ധൈഷണിക മേഖലയിലേക്കുള്ള മാറ്റം സ്വാഭാവികമായും വിക്ഷോഭകരം തന്നെയാണ്. തിരസ്കരിക്കാനാവാത്ത വിധം പടർന്നുപിടിച്ച ഈ അവസ്ഥാവിശേഷത്തെ അഭിമുഖീകരിക്കാൻ ഇസ്‌ലാമിക സമൂഹം നിർബദ്ധരായി. അവർ നവധൈഷണിക പ്രതിഭാസത്തെ പഠനവിധേയമാക്കുകയും അവ ഉപയോഗിച്ച് തന്നെ പ്രതിയോഗികളെ നേരിടാൻ സജ്ജരാവുകയും ചെയ്തു. കാരണം ഇസ്‌ലാമിക പ്രമാണങ്ങളെ സമീപിക്കുന്നതിനും വിശദീകരിക്കുന്നതിനും നിലവിലുള്ള രീതി പര്യാപ്തമല്ലായിരുന്നു. പുതുതായി ഇസ്‌ലാമിലേക്ക് കടന്നു വന്നവരുടെ മനസ്സുകളെ തൃപ്തിപ്പെടുത്തുന്ന, ഹൃദയങ്ങൾക്ക് ശാന്തത നൽകുന്ന ശൈലിയായിരുന്നു അവലംബിക്കേണ്ടിയിരുന്നത്. ആദ്യകാല മുസ്‌ലിം സമൂഹത്തിന്റെ കയ്യിലുണ്ടായിരുന്ന വ്യാഖ്യാന രീതികളും സംവിധാനങ്ങളും, ധൈഷണിക തർക്കങ്ങളിലും ന്യായങ്ങളിലും അഭിരമിക്കുന്ന ഒരു സമൂഹത്തെ തൃപ്തിപ്പെടുത്താനുതകുന്നതായിരുന്നില്ല. വിശേഷിച്ചും വിശുദ്ധ ഖുർആന്റെയും തിരുസുന്നത്തിന്റെയും ആധികാരികതയും പ്രാമാണികതയും ബോധ്യമാവാത്ത ഒരു തലമുറയോട് പ്രമാണങ്ങളുടെ വെളിച്ചത്തിൽ പറയുന്നത് തീർത്തും അവിവേകമാണ്. മേൽ സൂചിപ്പിച്ച നവമുസ്‌ലിങ്ങളുടെ മസ്തിഷ്കങ്ങളെ തൃപ്തിപ്പെടുത്തുക എന്നതോടൊപ്പം മറ്റൊരു ബാധ്യത കൂടി ഇസ്‌ലാമിക സമൂഹത്തിനുണ്ടായിരുന്നു. അനിസ്‌ലാമിക വിശ്വാസ രീതികളും, നിയമസംഹിതകളുമനുസരിച്ച് ജീവിച്ചിരുന്ന, ഒരു നിലക്കും ഇസ്‌ലാമികാദർശത്തെ പുൽകാൻ തയ്യാറല്ലാത്ത ജനവിഭാഗങ്ങളും ശക്തമായ ധൈഷണിക യുദ്ധം അഴിച്ചുവിട്ടുവെന്നതായിരുന്നു അത്.

നവ ചിന്താധാരകളെ പ്രതിരോധിക്കാൻ ദുർബലമായ ആയുധമാണ് തങ്ങൾ പ്രയോഗിച്ച് കൊണ്ടിരിക്കുന്നതെന്ന തിരിച്ചറിവിൽ മുസ്‌ലിങ്ങൾ വചന-തത്വശാസ്ത്രങ്ങളിൽ (علم الكلام) അഭയം തേടി. അരിസ്റ്റോട്ടിലി

എന്നാൽ, ഖലീഫ മുതവക്കിലിൻെറ ഭരണകാലത്താണ് സലഫി സമീപന രീതി പ്രതിഷ്ഠിക്കപ്പെട്ടതെന്ന് ബോധനം തന്നെ പറയുന്നുണ്ട്. അത് കാണുക:

> എന്നാൽ ഖലീഫഃ മുതവക്കിൽ ഭരണമേറ്റെടുത്തതോടെ കാര്യങ്ങൾ കീഴ്മേൽ മറിഞ്ഞു. ചിന്താപരമായ സങ്കീർണതകളിൽ നിന്നും ഏറെ അകലെയായിരുന്ന തുർക്കികൾക്കായിരുന്നു അദ്ദേഹത്തിന്റെ കാലത്ത് രാഷ്ട്ര കാര്യങ്ങളിൽ ആധിപത്യമുണ്ടായിരുന്നത്. അത് വൈഷണിക വിപ്ലവത്തിന് കാരണമാവുകയും മുഅ്തസിലി ചിന്തക്ക് പകരം സലഫീ സമീപന രീതി പ്രതിഷ്ഠിക്കപ്പെടുകയുമുണ്ടായി. വ്യാഖ്യാനത്തിനും കേവല അഭിപ്രായത്തിനുംമേൽ പ്രമാണങ്ങൾ മേൽക്കൈനേടി. രാഷ്ട്രത്തിലെ ഉന്നത ഉദ്യോഗങ്ങളിൽ ഖാദിമാരെയും മറ്റ് ഉദ്യോഗാർത്ഥികളെയും നിശ്ചയിക്കുന്നതിനു അഹ്മദ്ബ്നു ഹമ്പലിനോട് അഭിപ്രായമാരാഞ്ഞു. അദ്ദേഹം ഉപദേശക സമിതിയുടെയും ഖാദിമാരുടെയും പേരുവിവരങ്ങൾ അടങ്ങിയ ഒരു കുറിപ്പ് ഖലീഫക്ക് നൽകി. ഖലീഫഃ മുഅ്തസിലുകളെ പിരിച്ചുവിട്ട് ജയിലിലടക്കുകയും ഒഴിവുവന്ന തസ്തികകളിൽ പുതിയ നിയമനം നടത്തുകയും ചെയ്തു. ഇത്തരത്തിൽ, സലഫി സമീപന രീതിയുടെ സുവർണയുഗമായാണ് ഇക്കാലഘട്ടം ചരിത്രത്തിൽ വിലയിരുത്തപ്പെടുന്നത്.

നമുക്ക് ചോദിക്കാനുള്ളത് ഇതാണ്: മുതവക്കിലിൻെറ കാലത്തുള്ള ജനങ്ങളുടെ മനസ്സ് എങ്ങനെയാണ് സലഫി സമീപന രീതിയുമായി ഇത്രയെളുപ്പം പൊരുത്തപ്പെട്ടത്? സലഫി സമീപന രീതി സ്വീകരിക്കുമ്പോൾ അവരുടെ മനസ്സ് ഗ്രാമീണജനതയുടേത് തന്നെയായിരുന്നോ, അതല്ല മറ്റു വല്ലതും അതിനിടയിൽ സംഭവിച്ചുവോ? ബോധനം ഇതിന് മറുപടി പറയാൻ ബാധ്യസ്ഥരാണ്!

അവസാനമായി, ഇമാം അഹ്മദിനെയും അദ്ദേഹത്തിൻെറ പദവിയെയും ആദരിക്കുന്ന നമുക്ക് പറയാനുള്ളത് ഇതാണ്: 'ദയവായി ഇമാം അഹ്മദിനെ വെറുതെ വിടുക'!

അല്ലാഹു അദേഹത്തിൻെറ മേൽ കാരുണ്യം ചൊരിയെട്ടെ (ആമീൻ)

## <u>അനുബന്ധം 1</u>

ക്വുർആനിൻെറ **لفظ** നെ സംബന്ധിച്ച് ചില ഭിന്നതകൾ നിലനിന്നിരുന്നു[9].

**لفظ** എന്നത് കൊണ്ടുള്ള ഉദ്ദേശം എന്താണ്? ഇവിടെ അത് കൊണ്ട് അർത്ഥമാക്കുന്നത് 'ഉച്ചാരണം', 'മൊഴിയൽ' എന്നൊക്കെയാണ്.

ഇനി, ക്വുർആനിനെ സംബന്ധിച്ചുള്ള ബിദ്അത്തിൻെറ കക്ഷികളുടെ നിലപാട് പരിശോധിക്കാം:

1. ക്വുർആൻ സൃഷ്ടിയാണ് എന്ന് <u>മുഅ്തസില/ജഹ്മിയ്യ</u> കക്ഷികൾ വിശ്വസിക്കുന്നു.

2. ക്വുർആനിൻെറ **لفظ** (<u>ഉച്ചാരണം</u>) സൃഷ്ടിയാണെന്നും, എന്നാൽ അതിൻെറ **معنى** (<u>ആശയം</u>) സൃഷ്ടിയല്ലെന്നും <u>അശ്അരികൾ</u> വിശ്വസിക്കുന്നു.

3. മൂന്നാമതൊരു വിഭാഗം വിശ്വസിക്കുന്നത് '<u>എൻെറ ക്വുർആൻ ഉച്ചാരണം</u>'(**لفظي**) സൃഷ്ടിയാണ് എന്നാണ്.

4. നാലാമത്തെ വിഭാഗം (അൽ വാക്വിഫ) പറഞ്ഞു: ക്വുർആൻ അല്ലാഹുവിൻെറ കലാം ആണെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ, അത് സൃഷ്ടിയാണോ അല്ലേ എന്ന് ഞാൻ പറയില്ല.

സലഫുകൾക്ക് പരിചയമില്ലാത്ത ഒരു പുതിയ കാര്യം പുതുതായി നിർമ്മിച്ചതു കാരണമാണ് മൂന്നാമത്തെ വിഭാഗത്തെ മുബ്തദിഉകളുടെ കൂട്ടത്തിൽ എണ്ണിയത്.

ഇമാം ബുഖാരി( رَحِمَهُ ٱللَّهُ ) തൻെറ **خلق أفعال العباد** എന്ന ഗ്രന്ഥത്തിൽ പറയുന്നതിൻെറ രത്നച്ചുരുക്കം ഇതാണ്: മനുഷ്യൻ അല്ലാഹുവിൻെറ സൃഷ്ടിയാണ്. അതിനാൽ, അവൻെറ കർമ്മങ്ങളും സൃഷ്ടിയാണ്. അപ്പോൾ, അവനിൽ നിന്നും വരുന്ന മൊഴികളും, വാക്കുകളും, ശബ്ദവുമെല്ലാം സൃഷ്ടികളാണ്.

അപ്പോൾ, ഒരു സംശയം: ഇമാം അഹ്മദ് മുബ്തദിഅ് ആയി എണ്ണിയ മൂന്നാമത്തെ വിഭാഗത്തിൽ ഇമാം ബുഖാരി ഉൾപ്പെടുകയില്ലേ??

ഇല്ല എന്നാണ് അതിനുത്തരം. എന്തു കൊണ്ട്? ഒരുദാഹരണത്തിലൂടെ നമുക്കത് മനസ്സിലാക്കാം.

---

[9] ഇത് ചർച്ച ചെയ്യുന്നത് ഇമാം അഹ്മദ്( رَحِمَهُ ٱللَّهُ ) ഇഷ്ടപ്പെട്ടിരുന്നില്ല. കാരണം സലഫുകളിലാരെങ്കിലും അത് ചർച്ച ചെയ്തതായി അദ്ദേഹത്തിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല. അദ്ദേഹത്തിൻെറ കാലത്ത് ഇത് ചർച്ച ചെയ്തിരുന്നവർക്ക് ചില ഗൂഢ ലക്ഷ്യങ്ങളുണ്ടായിരുന്നു.

"സൂറത്തുൽ ഫാതിഹ സൃഷ്ടിയല്ല" അല്ലെങ്കിൽ "സൂറത്തുന്നാസ് സൃഷ്ടിയല്ല" എന്ന് ഒരാൾ പറയുന്നതായി സകൽപിക്കുക.

അയാൾ പറഞ്ഞത് സത്യമല്ലേ? സത്യമാണെന്ന് തോന്നുമെങ്കിലും യഥാർത്ഥത്തിൽ അങ്ങനെയല്ല. കാരണം, "സൂറത്തുൽ ഫാതിഹ സൃഷ്ടിയല്ല" എന്ന് പറഞ്ഞവൻ അതല്ലാത്ത മറ്റെല്ലാ സൂറത്തുകളും സൃഷ്ടിയാണ് എന്ന് പരോക്ഷമായി സൂചിപ്പിക്കുകയാണ് ചെയ്യുന്നത്. ഇവിടെ, സൂറത്തുൽ ഫാതിഹ ഇയാൾ പ്രത്യേകം എടുത്ത് പറഞ്ഞത് മറ്റെല്ലാ സൂറത്തുകളും സൃഷ്ടിയാണെന്ന തൻെറ ആദർശം മറച്ചു വെക്കാൻ വേണ്ടിയാണ്.

അതായത്, ഏതെങ്കിലും ഒരു സൂറത്തിനെ, അതല്ലെങ്കിൽ ഒരു പ്രവൃത്തിയെ ഒരാൾ പ്രത്യേകം എടുത്ത് പറയുകയാണെങ്കിൽ, അതിൽ പരോക്ഷമായ ചില ആശയങ്ങളും ഉദ്ദേശങ്ങളും അടങ്ങിയിട്ടുണ്ടാകും എന്ന് മനസ്സിലാക്കുന്നതിന് വേണ്ടിയാണ് മുകളിലുള്ള ഉദാഹരണം നൽകിയത്.

ഇതേ രൂപത്തിൽ, ഇമാം അഹ്മദി( رَحِمَهُ اللهُ )ൻെറ കാലത്തുണ്ടായിരുന്ന മുബ്തദിഉകൾ തങ്ങളുടെ ക്വുർആൻ ഉച്ചാരണം സൃഷ്ടിയാണെന്ന് വാദിച്ചിരുന്നു. മറ്റൊന്നും പറയാതെ തങ്ങളുടെ ക്വുർആൻ ഉച്ചാരണം മാത്രം സൃഷ്ടിയാണെന്ന് പറയാനുള്ള കാരണമെന്താണ്? ക്വുർആനും ഇതേ രൂപത്തിലുള്ള ഒരു സൃഷ്ടിയാണെന്ന അവരുടെ വിശ്വാസം മറച്ചു വെക്കാൻ വേണ്ടിയാണത്. ഈ കുതന്ത്രം മനസ്സിലാക്കിയതു കൊണ്ടാണ് ഇമാം അഹ്മദ് ( رَحِمَهُ اللهُ ) അവരെ മുബ്തദിഅ് ആയി മുദ്ര കുത്തിയത്.

**لفظ** (ഉച്ചാരണം) ഉൾപ്പടെയുള്ള മനുഷ്യൻെറ കർമ്മങ്ങൾ സൃഷ്ടിയാണെന്ന ഇമാം ബുഖാരി( رَحِمَهُ اللهُ )യുടെ വാദം അഹ്ലുസ്സുന്നത്തിൻെറയടുക്കൽ സത്യവും അംഗീകരിക്കപ്പെട്ടതുമാണ്. അതോടൊപ്പം തന്നെ ക്വുർആൻ അല്ലാഹുവിൻെറ കലാമാണെന്നും, അത് സൃഷ്ടിയല്ലെന്നും ബുഖാരി( رَحِمَهُ اللهُ ) വിശ്വസിച്ചിരുന്നു.

ഇമാം അഹ്മദ് ( رَحِمَهُ اللهُ ) ചെയ്തതെന്താണെന്നാൽ, തൻെറ ഹ്രസ്വമായ വാക്കുകളിലൂടെ ഫിത്നയുടെ വാതിലുകൾ കൊട്ടിയടക്കുകയാണ് ചെയ്തത്. ഇമാം ബുഖാരി( رَحِمَهُ اللهُ )യാകട്ടെ, സ്രഷ്ടാവിൻെറയും സൃഷ്ടികളുടെയും കർമ്മങ്ങളെ തമ്മിൽ വേർതിരിച്ച് സവിസ്തരം പ്രതിപാദിച്ചുവെന്ന് മാത്രം.[10]

---

[10] കൂടുതൽ വിശദമായ പഠനത്തിന് ശൈഖ് അബ്ദുൽ അസീസ് അൽ റാജിഹിയുടെ **شرح أصول السنة للإمام أحمد بن حنبل** കാണുക.